**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5558** **08-07-2024 - ൽ മറുപടിയ്ക്ക്**

**വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിന് രൂപീകരിച്ച കമ്മിറ്റി എല്ലാ സർക്കാർ ഓഫീസുകളിലും പ്രവർത്തിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) | **വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായുള്ള ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റി എല്ലാ സർക്കാർ ഓഫീസുകളിലും രൂപീകരിക്കുന്നതിന് നിർദേശം നല്കിയിട്ടുണ്ട്. എല്ലാ സർക്കാർ/ സർക്കാരിതര/പൊതുമേഖല സ്ഥാപനങ്ങളിൽ രൂപീകരിക്കപ്പെടുന്ന ഇന്റേണൽ കമ്മിറ്റിയുടേയും ജില്ലാതല ലോക്കൽ കമ്മിറ്റിയുടേയും വിശദാംശങ്ങളും റിപ്പോർട്ടുകളും രജിസ്റ്റർ ചെയ്യുന്നതിനായി POSH Portal നിലവിലുണ്ട്.** |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വകുപ്പ് തലത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ വിശദാംശം വകുപ്പ് / ജില്ല / നിലവിൽ സ്വീകരിച്ച നടപടികൾ എന്നിവ തിരിച്ച് വിശദമാക്കാമോ? | (ബി) | **വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വനിത ശിശുവികസന വകുപ്പിൽ റിപ്പോർട്ട് ചെയ്തതിന്റെ വിശദാംശം, നിലവിൽ സ്വീകരിച്ച നടപടികൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | ജില്ലയുടെ പേര് | നിലവിലെ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനിതാ ജീവനക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ വകുപ്പ് തലത്തിൽ റിപ്പോർട്ട് ചെയ്തവയുടെ ആകെ എണ്ണം | ആകെ ലഭിച്ച പരാതിയിൽ പരിഹാരം കണ്ടെത്തിയവയുടെ എണ്ണം | പരിഹാരം കണ്ടെത്താത്തവയുടെ എണ്ണം |
|---|---|---|---|---|
| 1 | Thiruvananthapuram | 31 | 27 | 4 |
| 2 | Kollam | 5 | 1 | 4 |
| 3 | Pathanamthitta | 2 | 2 | 0 |
| 4 | Alappuzha | 4 | 3 | 1 |
| 5 | Idukki | 9 | 5 | 4 |
| 6 | Kottayam | 9 | 8 | 1 |
| 7 | Ernakulam | 15 | 10 | 5 |
| 8 | Thrissur | 14 | 13 | 1 |
| 9 | Palakkad | 6 | 6 | 0 |
| 10 | Malappuram | 10 | 6 | 4 |
| 11 | Kozhikkode | 7 | 6 | 1 |
| 12 | Wayanad | 1 | 1 | 0 |
| 13 | Kannur | 8 | 7 | 1 |
| 14 | Kasargord | 5 | 5 | 0 |
| | **Total** | **126** | **100** | **26** |

## നിലവിൽ സ്വീകരിച്ച നടപടികൾ

**1. തിരുവനന്തപുരം:-** വകുപ്പ് തല നടപടി സ്വീകരിക്കാനുള്ള പരാതികളിൻമേലുള്ള റിപ്പോർട്ട് ജില്ലാ കളക്ടർക്കും വകുപ്പ് മേധാവികൾക്കും നൽകിയിട്ടുണ്ട്. പോലീസ് അന്വേഷണം ആവശ്യമുള്ള പരാതികൾ അന്വേഷണത്തിനായി പോലീസ് സ്റ്റേഷൻ പരിധിയിലേക്ക് അയച്ച് നൽകിയിട്ടുണ്ട്. പോഷ് ആക്ട് പരിധിയിൽ പെടാത്ത പരാതികൾ ടെർമിനേറ്റ് ചെയ്തിട്ടുണ്ട്.

**2. കൊല്ലം:-** മൂന്ന് പരാതികൾ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ പരിഗണനയിലാണ്. ഒരു പരാതിയിൽ വകുപ്പ് തല അച്ചടക്ക നടപടി സ്വീകരിച്ചു. ഒരു പരാതി നിലവിൽ കോടതിയുടെ പരിഗണനയിൽ ആയതിനാൽ തീർപ്പ് കൽപ്പിക്കാൻ സാധിച്ചില്ല.

**3.പത്തനംതിട്ട:-** രണ്ടു പരാതികളും ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിക്ക് സമർപ്പിച്ചു. ഒരു പരാതി ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിയിൽ വച്ച് തന്നെ പരിഹരിക്കുകയും രണ്ടാമത്തെ പരാതിയിൻമേൽ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിയുടെ ശുപാർശ സഹിതം വനിത ശിശുവികസന ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും പരാതി പരിഹരിക്കുകയും ചെയ്തു.

**4.ആലപ്പുഴ:-** ഒരു പരാതിയിന്മേൽ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി രണ്ടു തവണ സിറ്റിംഗ് നടത്തിയിരുന്നു. എന്നാൽ പരാതിക്കാരിയ്ക്ക് ജോലി സംബന്ധമായി വിദേശത്ത് പോകേണ്ടതിനാൽ പരാതി പിൻവലിക്കുന്നതായി അറിയിച്ചു.

**5.ഇടുക്കി:-** 1)മൃഗസംരക്ഷണ ഓഫീസിൽ ലഭ്യമായ പരാതിയിൻമേലുള്ള നടപടി മൃഗസംരക്ഷണ വകുപ്പ ഡയറക്ടറുടെ പരിഗണനയിലാണ്.

2) 10 ൽ കുറവ് ജീവനക്കാരുള്ള ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസിൽ ലഭിച്ച പരാതി ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിയിലേക്ക് 22.12.2023-ന് അയച്ചു. നടപടികൾ പുരോഗമിക്കുന്നു .

3)തദ്ദേശ സ്വയംഭരണ വകുപ്പ് ജെ ഡി യുടെ ഓഫീസിൽ നിന്നും LC ക്കു കൈമാറിയ പരാതിയിൻമേൽ ഹിയറിംഗ് ആരംഭിച്ചു.

4)പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറുടെ കാര്യാലയത്തിലുള്ള പരാതിയുടെ അന്വേഷണ റിപ്പോർട്ട് വകുപ്പ് ഡയറക്ടറേറ്റിലേക്ക് അയച്ചിട്ടുണ്ട്.

**6. കോട്ടയം:-** തീർപ്പാക്കിയ പരാതികൾ 8, വകുപ്പുതല നടപടികൾക്കായി ശുപാർശ ചെയ്തത് 1 (എൽ.സി.സി യുടെ റിപ്പോർട്ട് ഡിസ്ട്രിക്ട് ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്).

**7. എറണാകുളം:-** പോഷ് ആക്ടിന്റെ പരിധിയിൽ പരിഗണിക്കാനാവാത്ത പരാതികൾ, പരാതി ഒത്തു തീർപ്പിൽ എത്തിയവ, തെളിവുകളുടെ അഭാവത്തിൽ നടപടി സ്വീകരിക്കാൻ കഴിയാത്തവ, പരിഹരിച്ച പരാതിയിൽ ഇരു കക്ഷികളേയും കേട്ടതിന് ശേഷം കമ്മിറ്റി തീരുമാനം കൈകൊണ്ടിട്ടുണ്ട്.

**8. തൃശ്ശൂർ: -** ആരോപണ വിധേയനായ ആളെ സ്ഥലം മാറ്റുന്നതിന് നിർദ്ദേശം നൽകി, വകുപ്പ് തല നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി.

**9. പാലക്കാട്:-** 1. പാലക്കാട് ജില്ലയിലെ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റിയിൽ 17/03/2022-ൽ ലഭ്യമായ പരാതിയിൻമേൽ ആവശ്യമായ ഹിയറിംഗുകൾ നടത്തി. ആയതിന്റെ അടിസ്ഥാനത്തിൽ 13/01/2023 -ൽ തീർപ്പാക്കി. എതിർകക്ഷി പരാതിക്കാരിക്ക് നഷ്ടപരിഹാരമായി 50000/- രൂപ നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ളതാണ് തീർപ്പ്. ടി റിപ്പോർട്ട് തുടർനടപടികൾക്കായി ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി ജില്ലാ ഓഫീസർ കൂടിയായ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. എതിർകക്ഷിക്കെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറേറ്റിലെ ലോ ഓഫീസർ നിർദ്ദേശിച്ചിട്ടുള്ളതും ആയതിനുള്ള നടപടികൾ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി മുഖേന സ്വീകരിച്ചുവരുകയും ചെയ്യുന്നു.

2. പാലക്കാട് ജില്ലയിൽ രൂപീകരിക്കപ്പെട്ട ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റിയിൽ 31/05/2022-ൽ ലഭ്യമായ പരാതിയിൻമേൽ ആവശ്യമായ ഹിയറിംഗുകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 31/08/2022 ന് അന്തിമ തീർപ്പ് ഉണ്ടാവുകയും ചെയ്തു. പരാതിക്കാരി എതിർകക്ഷിക്കെതിരെ നൽകിയ പരാതി കെട്ടിച്ചമച്ചതാണെന്ന് ബോധ്യപ്പെട്ടതിനാൽ എതിർകക്ഷി പരാതിക്കാരിക്ക് നൽകിയ 10000/- രൂപ പരാതിക്കാരി തിരികെ നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ളതാണ് മേൽ തീർപ്പ്. മേൽ റിപ്പോർട്ട് ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി ജില്ലാ ഓഫീസർ കൂടിയായ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.

3. മുഖ്യമന്ത്രിക്ക് സമർപ്പിച്ച 11/07/2022 ലെ പരാതി തുടർനടപടിക്കായി പാലക്കാട് ജില്ലയിലെ ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റിയിൽ പരിഗണിച്ചു. ടി പരാതിയുമായി ബന്ധപ്പെട്ട കാര്യാലയത്തിലെ ജീവനക്കാർക്ക് സ്ത്രീകൾക്കെതിരായ ജോലിസ്ഥലത്തെ ലൈംഗിക പീഡനം (തടയലും, നിരോധനവും, പരിഹാരവും) നിയമം-2013 സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ് നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി നടപടി എടുക്കുകയും ആയത് ബന്ധപ്പെട്ട ഓഫീസിൽ അറിയിക്കുകയും ചെയ്തു.

4. ജില്ലാ കളക്ടർക്ക് സമർപ്പിച്ച 27/07/2022-ലെ പരാതി തുടർനടപടിക്കായി പാലക്കാട് ജില്ലയിലെ ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റിയിൽ പരിഗണിച്ചു. ടി സ്ഥാപനത്തിലെ ജീവനക്കാർക്ക് സ്ത്രീകൾക്കെതിരായ ജോലിസ്ഥലത്തെ ലൈംഗിക പീഡനം (തടയലും, നിരോധനവും, പരിഹാരവും) നിയമം-2013 സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ് നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ട് ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി നടപടി എടുത്തു. 05/01/2023-ൽ ബോധവൽക്കരണ ക്ലാസ് നൽകി.

5. ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റിയിൽ ലഭ്യമായ പരാതിയിൻമേൽ ആവശ്യമായ ഹിയറിംഗുകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 04/12/2023-ൽ അന്തിമ തീർപ്പ് ഉണ്ടാവുകയും ചെയ്തു.

പരാതിക്കാരിക്ക് സൈക്കോളജിക്കൽ കൗൺസിലറുടെ സേവനം ആവശ്യമാണെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടു. പരാതിക്കാരി ആയതിന് തയ്യാറായില്ല. പരാതിയിൽ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങളിൽ പ്രഥമദൃഷ്ട്യാ തെളിവില്ല എന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടുകയും ആയത് പ്രകാരം പരാതി തീർപ്പാക്കുകയും ചെയ്തുകൊണ്ടുള്ളതാണ് 04/12/2023 -ലെ തീർപ്പ്. മേൽ റിപ്പോർട്ട് ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റി ജില്ലാ ഓഫീസർ കൂടിയായ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.

6. 26/07/2023 ൽ ലഭ്യമായ പരാതിയിൻമേൽ ആവശ്യമായ ഹിയറിംഗുകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 05/02/2024 ൽ അന്തിമ തീർപ്പ് ഉണ്ടാവുകയും ചെയ്തു. പരാതിക്കാരി ജോലി ചെയ്യുന്ന സ്ഥാപനത്തിലെ ഇന്റേണൽ കംപ്ലയിൻറ്സ് കമ്മിറ്റിയിൽ പരാതി നൽകുന്നതിന് നിർദ്ദേശിച്ചുകൊണ്ടുള്ളതാണ് തീർപ്പ്. മേൽ റിപ്പോർട്ട് ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റി ജില്ലാ ഓഫീസർ കൂടിയായ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു.

**10. മലപ്പുറം :-** നടപടികൾ സ്വീകരിച്ചുവരുന്നു.

**11. കോഴിക്കോട്:-**

1. പരാതിക്കാരിക്ക് സുഗമമായി ജോലിചെയ്യുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ചെയ്തുകൊടുക്കുന്നതിന് സ്ഥാപന മേലധികാരിക്ക് നിർദ്ദേശം നൽകി.

2.എതിർ കക്ഷിക്ക് കേരള സർവ്വീസ് ചട്ടങ്ങളും ജീവനക്കാരുടെ അച്ചടക്ക നടപടിക്രമങ്ങളും അനുസരിച്ചുള്ള മാതൃകാപരമായ പരമാവധി ശിക്ഷ നൽകണമെന്ന് കമ്മിറ്റി ശുപാർശ ചെയ്തു.

3.ഉന്നയിക്കപ്പെട്ട ആരോപണം സംബന്ധിച്ച് പരാതിയില്ല. പരാതിക്ക് വിധേയരായവർ ലോക്കൽ കംപ്ലയിന്റ്സ് കമ്മിറ്റി മുൻപാകെ പരാതിയില്ലെന്ന മൊഴി തന്ന സാഹചര്യത്തിൽ പരാതി തീർപ്പാക്കി.

4.പരാതിക്കാരിയോട് എതിർ കക്ഷി ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റി മുൻപാകെ മാപ്പ് പറഞ്ഞു പരാതി പരിഹരിക്കപ്പെട്ടു.

5.പരാതിക്കാരിയുടെ പരാതിയിൽ എതിർ കക്ഷിക്കെതിരെ പോലീസ് F I R രജിസ്റ്റർ ചെയ്ത് ബഹു.കോഴിക്കോട് സെക്ഷൻ ആന്റ് ജില്ലാകോടതി പരിഗണിച്ചു വരുന്നതായതിനാൽ ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റിക്ക് നടപടി സ്വീകരിക്കുവാൻ സാധിക്കുകയില്ല.

6. പരാതി പോഷ് ആക്ട് പരിധിയിൽ വരുന്നില്ല.

7.പരാതിക്കാരി പരാതി പിൻവലിച്ചു.

**12.വയനാട്:-** ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റി നടത്തിയ ഹിയറിങ്ങുകളിൽ പരാതിക്കാരി പരാതിയുമായി ബന്ധപ്പെട്ട് തെളിവുകളൊന്നും തന്നെ ഹാജരാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പരാതിയിൽ തുടർനടപടികൾ ഒന്നും തന്നെ സ്വീകരിക്കേണ്ടതില്ലയെന്ന് ലോക്കൽ കംപ്ലയിൻറ്സ് കമ്മിറ്റി തീരുമാനിച്ചു പരാതി തീർപ്പാക്കി.

**13.കണ്ണൂർ :-** ലഭിച്ച 8 പരാതികളിന്മേൽ 7 എണ്ണത്തിനും തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള ഒരു പരാതി പരിഹാരം കണ്ടെത്തുന്നതിനായി കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് നൽകിയിട്ടുള്ളതാണ്. തീർപ്പ് കൽപ്പിക്കപ്പെട്ടിട്ടില്ല.

**14. കാസർഗോഡ്:-** 2021 ൽ ലഭിച്ച ഒരു പരാതിയിൽ ആ സ്ഥാപനത്തിൽ തന്നെ ഇന്റേണൽ കംപ്ലയിൻറ്സ് കമ്മിറ്റിയിൽ പരാതി പരിഹരിച്ചിട്ടുണ്ട്. 2022-ൽ ലഭിച്ച ഒരു പരാതി ഇന്റേണൽ കംപ്ലയിൻറ്സ് കമ്മിറ്റിയിൽ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2023-ൽ ലഭിച്ച ഒരു പരാതി കൗൺലിംഗിലൂടെ പ്രശ്നം പരിഹരിച്ചു. 2024-ൽ ലഭിച്ച ഒരു പരാതി ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയിൽ പരിഹരിച്ചു. 2024-ൽ ലഭിച്ച ഒരു പരാതി ഇന്റേണൽ കംപ്ലയിന്റ്സ് കമ്മിറ്റിയിൽ ചർച്ച ചെയ്തു മറുപടി പരാതിക്കാരിയെ അറിയിച്ചിട്ടുണ്ട്.